# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2019 ഒക്ടോബർ 10

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

നാലാം സെമസ്റ്റർ എം .സി.എ. ( പുതിയ സ്കീം-2017 അഡ്മിഷൻ റഗുലർ /ലാറ്ററൽ എൻട്രി , 2018 അഡ്മിഷൻ റഗുലർ /2017 അഡ്മിഷൻ സപ്ലിമെന്ററി , സ്പെഷൻ ബാച്ച് , കോളജുകൾ, സീപാസ് സപ്ലിമെന്ററി-2013 മുതൽ 2015 വരെ അഡ്മിഷൻ, 2016 അഡ്മിഷൻ അഫിലിയേറ്റഡ് കോളജുകൾ , ലാറ്ററൽ എൻട്രി സപ്ലിമെന്ററി 2017 അഡ്മിഷൻ വേക്കന്റ് സീറ്റ്, 2013 മുതൽ 2016 വരെ അഡ്മിഷൻ, സപ്ലിമെന്ററി 2016 അഡ്മിഷൻ/ലാറ്ററൽ എൻട്രി 2017 അഡ്മിഷൻ സീപാസ് ) പരീക്ഷകൾ നവംബർ എട്ടിന് ആരംഭിക്കും . പിഴയില്ലാതെ ഒക് ടോബർ 16 വരെയും 500 രൂപ പിഴയോടെ ഒക് ടോബർ 17 വരെയും 100 രൂപ സൂപ്പർ ഫൈനോടെ ഒക്ടോബർ 18 വരെയും അപേക്ഷിക്കാം. പരീക്ഷ ഫീസിനു പുറമേ റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ വീതവും(പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസ് അടയ്ക്കണം. വിശദമായ ടൈംടേബിൾ സർവലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/11801/2019)

രണ്ടാം സെമസ്റ്റർ എം .എസ് സി . മെഡിക്കൽ ഡോക്യുമെന്റേഷൻ(2018 അഡ്മിഷൻ റഗുലർ /2016, 2017 അഡ്മിഷൻ സപ്ലിമെന്ററി ), രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്യുമെന്റേഷൻ(2015 അഡ്മിഷൻ സപ്ലിമെന്ററി ) പരീക്ഷകൾ ഒക് ടോബർ 25ന് ആരംഭിക്കും . പിഴയില്ലാതെ ഒക് ടോബർ 14 വരെയും 500 രൂപ പിഴയോടെ ഒക് ടോബർ 15 വരെയും 1000 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 16 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/11801/2019)

## പ്രാക്ടിക്കൽ

2019 മേയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി .എ. മ്യൂസിക് വോക്കൽ സി.ബി.സി.എസ്/സി.ബി.സി.എസ്.എസ്. ( റഗുലർ/ഇംപ്രൂവ്മെന്റ്/റീഅപ്പിയറൻസ്), നാലാം സെമസ്റ്റർ സി.ബി.സി.എസ്. റഗുലർ പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 15 മുതൽ 19 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/11801/2019)

## പ്രൊഫ. ജുവാൻ ഗുതിയറസിന്റെ പ്രഭാഷണം 14ന് എം.ജിയിൽ

ലാറ്റിനമേരിക്കയിലെ നവ ബഹുസാംസ് കാരികതയെക്കുറിച്ചും മാറ്റങ്ങളെക്കുറിച്ചും പ്രമുഖ ലാറ്റിനമേരിക്കൻ സാമൂഹികശാസ്ത്രജ്ഞൻ പ്രൊഫ . ജുവാൻ ഫെർണാണ്ടോ കാൽഡിറോൺ ഗുതിയറസ് നടത്തുന്ന പ്രഭാഷണം ഒക് ടോബർ 14ന് മഹാത്മാഗാന്ധി സർവകലാശാലയിൽ നടക്കും . രാവിലെ 10.30ന് സ്കൂൾ ഓഫ് എൺവയൺമെന്റൽ സയൻസസ് സെമിനാർ ഹാളിലാണ് പരിപാടി.

സംസ്ഥാന ചരിത്രഗവേഷണ കൗൺസിലും ഉന്നതവിദ്യാഭ്യാസ കൗൺസിലും മഹാത്മാഗാന്ധി സർവകലാശാല ഇന്റർയൂണിവേഴ് സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ്

എക്സ്റ്റൻഷനും സംയുക്തമായാണ് ജ്ഞാനപ്രഭാഷണം സംഘടിപ്പിക്കുന്നത് . സംസ്ഥാന ചരിത്ര ഗവേഷണ കൗൺസിൽ ചെയർപേഴ് സൺ പ്രൊഫ . പി.കെ. മൈക്കിൾ തരകൻ അധ്യക്ഷത വഹിക്കും . വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് മുഖ്യപ്രഭാഷണം നടത്തും.

അർജന്റീനയിലെ സാൻ മാർട്ടിൻ നാഷണൽ സർവകലാശാലയിലെ റിസർച്ച് ഡയറക്ടറായ പ്രൊഫ. ജൂവാൻ ഗുതിയറസ് യുണൈറ്റഡ് നേഷൻസ് ഡെവലപ് മെന്റ് പ്രോഗ്രാ മിന്റെ ഹ്യൂമൻ ഡെവലപ്മെന്റ് ആൻഡ് ഗവേഷണനസ് പ്രത്യേക ഉപദേശകനാണ്. കേംബ്രിഡ്ജ് സർവകലാശാലയിലെ സൈമൺ ബൊളിവർ ചെയർ വിസിറ്റിങ് പ്രൊഫസറും ലാറ്റിനമേരിക്കൻ സോഷ്യൽ സയൻസ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയുമാണ്. 22 പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. യൂറോപ്പിലടക്കം വിവിധ രാജ്യങ്ങളിലെ പ്രമുഖ സർവകലാശാലകളിൽ വിസിറ്റിങ് പ്രൊഫസറാണ് . കഴിഞ്ഞ 20 വർഷംകൊണ്ട് ലാറ്റിനമേരിക്കൻ സംസ് കാരത്തിലുണ്ടായ മാറ്റങ്ങളെക്കുറിച്ചും നവബഹുസാംസ് കാരികതയെക്കുറിച്ചും സംസാരിക്കും.

## ഫോട്ടോ കാപ്ഷൻ

**പ്രൊഫ. ജൂവാൻ ഫെർണാണ്ടോ കാൽഡിറോൺ ഗുതിയറസ്**

(പി.ആർ.ഒ./39/11801/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ